പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2189 — 22.01.2014-ൽ മറുപടിയ്ക്ക്

## പറളിയിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ കായികരംഗത്ത് ഏറ്റവും കൂടുതൽ കുട്ടികൾ ദേശീയ തലത്തിൽ അവാർഡുകൾ വാങ്ങിക്കൂട്ടുന്നത് പാലക്കാട് ജില്ലയിലെ പറളിയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ പ്രദേശത്തെ സ്കൂളുകളിലെ കുട്ടികൾക്ക് പരിശീലനത്തിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഡേ ബോർഡിംഗ് സെന്ററിൽ ഉൾപ്പെടുത്തി കായിക താരങ്ങൾക്ക് പ്രതിദിനം ലഘുഭക്ഷണം നൽകുന്നതിന് 25 രൂപ നിരക്കിൽ നൽകിവരുന്നു. പാലക്കാട് ജില്ലയിലെ താഴെ പറയുന്ന സ്കൂളുകളിൽ ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br><br>1. ഹയർ സെക്കന്ററി സ്കൂൾ പറളി - അത്‌ലറ്റിക്സ്<br>2. ഹയർ സെക്കന്ററി സ്കൂൾ മുണ്ടൂർ - അത്‌ലറ്റിക്സ്<br>3. സി.എഫ്.ഡി.വി.എച്ച്.എസ്.എസ്, മാത്തൂർ - അത്‌ലറ്റിക്സ്<br>4. ടി.ആർ.കെ.എച്ച്.എസ്.എസ് വാണിയംകുളം - അത്‌ലറ്റിക്സ്<br><br>കല്ലടി എച്ച്.എസ്.എസിനെ സ്പോർട്സ് ട്രെയിനിംഗ് സെന്ററിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും 1 ലക്ഷം രൂപ വീതം വർഷംതോറും ധനസഹായം അനുവദിച്ച് വരുന്നു. കൂടാതെ ടി സ്കൂളിൽ 100 മീറ്റർ 4 വരി സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനും സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി ഗവ.വിക്ടോറിയ കോളേജ്, വട്ടേനാട് ഗവ. വി.എച്ച്.എസ്.എസ്, ആലനല്ലൂർ ഗവ. വി.എച്ച്.എസ്.എസ് എന്നിവിടങ്ങളിൽ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നടപടികൾ |

കായിക യുവജന കാര്യാലയം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് മേഴ്സി കോളേജിന് അത്‌ലറ്റിക്സിനായി സ്പോർട്സ് ഹോസ്റ്റൽ ആരംഭിച്ചിട്ടുണ്ട്. പറളി എച്ച്.എസ്സ്.എസ്സിനും, മുണ്ടൂർ എച്ച്.എസ്സ്.എസ്സിനും കായിക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 3 ലക്ഷം രൂപ വീതം കായികയുവജന കാര്യാലയത്തിൽ നിന്ന് നൽകിയിട്ടുണ്ട്.

കൂടാതെ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയിൽ (സായി) നിന്ന് പറളി, മുണ്ടൂർ, കല്ലടി എന്നീ സ്കൂളുകളിലെ ഓരോ കായികതാരങ്ങൾക്ക് പ്രതിമാസം 600 രൂപ വീതവും, 5000 രൂപയുടെ സ്പോർട്സ് കിറ്റും, 1 ലക്ഷം രൂപ കായിക ഉപകരണങ്ങൾ വാങ്ങുവാനും സഹായം നൽകി വരുന്നു.

| | | | |
|---|---|---|---|
| (സി) | പറളിയിൽ പരിശീലനത്തിനായി ഒരു സിന്തറ്റിക് ട്രാക്ക് പോലുമില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (സി) | ഉണ്ട്. |
| (ഡി) | പറളി പ്രദേശത്ത് നിലവിലുള്ള സ്കൂളിനോട് ചേർന്നുള്ള ഗ്രൗണ്ടിന് ഒരു സിന്തറ്റിക് ട്രാക്ക് പണിയുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പറളി എച്ച്.എസ്.എസ്-ൽ ഒരു സിന്തറ്റിക് ട്രാക്ക് പണിയുന്നതിനുള്ള നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ